ഫൻ ൪ 0 മേയ് ൨0-ാംനു കൂടിയ യോഗത്തിൽ ഐകകണ്ഠ്യേന തീരുമാനിച്ചു. അതനുസരിച്ച് ഈ ധനസഹായം നിഷേധിക്കുകയുണ്ടായി.

കോളേജു വിദ്യാർത്ഥികൾ

*൨൨൨൯. (൯൨) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടിൽനിന്നും ധനസഹായം ലഭിക്കുന്ന എത്ര കോളേജുവിദ്യാർത്ഥികൾ ഇക്കൊല്ലം തിരുവിതാംകൂർ കൊച്ചിസ്റ്റേറ്റിലുണ്ട്;

(ബി) അവർക്ക് ഓരോരുത്തർക്കും പ്രതിമാസം ഗവൺമെണ്ടിൽനിന്നും ചിലവാകുന്ന തുക എത്ര;

(സി) ഇക്കൊല്ലം എത്ര തുക ധനസഹായം കൊടുക്കേണ്ടിവരും;

(ഡി) കഴിഞ്ഞകൊല്ലം ഫൻ ൪൯-ൽ ആകെ ചിലവായ തുക എത്ര?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉവ്വ്.

(ബി) പൊതുവെ ഓരോരുത്തരുടെയും ചിലവു് വ്യത്യസ്ഥരീതിയിലാണു്. എങ്കിലും പ്രതിമാസം ഓരോരുത്തർക്കും ൪൫ രൂപയിൽ കുറയാതെ ചിലവാക്കിവരുന്നുണ്ടു്. ഇതിനു പുറമെ പുസ്തകം വസ്ത്രം മുതലായവ വാങ്ങുന്നതിനു പ്രതിവർഷം ഓരോവിദ്യാർത്ഥിക്കും ൫0 രൂപാ മുതൽ ൭0 രൂപാവരെ ചിലവാക്കുന്നുണ്ടു്.

(സി) ഒരു ലക്ഷത്തി അൻപതിനായിരം രൂപ.

(ഡി) അൻപതിനായിരം രൂപാ.

വിദ്യാഭ്യാസ സഹായം

൨൨൨൦. (൯൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ മന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) പെരുമ്പാവൂർ ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് പ്രസ്തുതവർഷത്തേക്ക് അനുവദിച്ചിട്ടുള്ള സഹായധനം നൽകപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് യഥാക്രമം എത്ര ഉറുപ്പികവീതം നൽകപ്പെട്ടു?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടു്.

(ബി) ഒന്നാം ഫാറംമുതൽ സ്റ്റേം ഫൈനൽക്ലാസുവരെയുള്ള എല്ലാവിദ്യാർത്ഥികൾക്കും സഹായധനം നൽകിട്ടുണ്ടു്. മിഡിൽ സ്റ്റേം ക്ലാസുകളിൽ ൨൫ രൂപാവീതവും ഹൈസ്കൂൾ ക്ലാസുകളിൽ ൪0 രൂപാ വീതവും കൊടുത്തു.

മോണോസൈറ്റ് ഫാക്ടറി

*൨൨൨൧. (൯൪) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയിൽ മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) മോണോസൈറ്റ് ഫാക്ടറിയുടെ പണി ആരംഭിച്ചോ;

(ബി) പണി നടത്തുന്നത് ആരു";

(സി) ആ കമ്പനിയിലേക്ക് ഇതിനകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഉദ്ദിക്കുന്നില്ല.

(സി) ഫാക്ടറിയിലേക്ക് ഇതിനകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല.

കയർ കയറ്റുമതി

*ക്ക. (ക്ക നമ്പർ) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്ന് ര ൧-ലും ക്ന് ര വ-ലും എത്ര കോടി രൂപായ്ക്ക് കയർ ഉല്പന്നങ്ങൾ ഈ സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്തിട്ടുണ്ട്";

(ബി) ക്ന് ര വ-ൽ കയർ ഉല്പന്നങ്ങളുടെ കയറ്റുമതി കുറയുന്നതിനുണ്ടായ കാരണങ്ങൾ എവ;

(സി) കയർ ഉല്പന്നങ്ങൾക്ക് കൂടുതൽ വിദേശ വിപണികൾ കണ്ടുപിടിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തിരുവിതാംകൂർ.

൧൯൫൨ കോടിരൂപാ.

൧൯൫൩ കോടി രൂപ.

കൊച്ചി, ഉദ്ദേശം.

൭ കോടി രൂപാ.

൪ കോടി രൂപാ.

(ബി) ഈ സംസ്ഥാനത്തിൽനിന്നും സാധാരണയായി കയർ ഉൽപന്നങ്ങൾകയറ്റുമതി ചെയ്തുകൊണ്ടിരുന്നതു് യുണൈറ്റഡ് കിംഗ്ഡം, അമേരിക്ക, ആസ്ട്രേലിയാ എന്നീരാജ്യങ്ങൾ ആയിരുന്നു. ക്ന് ര ൧— ക്ന് ര വ വർഷങ്ങളിൽ ഈ രാജ്യങ്ങൾ നെതർലണ്ടിൽനിന്നും കയറുപായ് തുടങ്ങിയ മുതലായവ ധാരാളം വാങ്ങിച്ചിരുന്നു. അതാണ് ക്ന് ര വ-ൽ കയർ ഉല്പന്നങ്ങളുടെ കയറ്റുമതി കുറയുന്നതിനുള്ള പ്രധാനകാരണം. രണ്ടാം ലോകമഹായുദ്ധാനന്തരമുണ്ടായ സാമ്പത്തിക കുഴപ്പവും മറ്റൊരു കാരണമാണ്.

(സി) ഉണ്ട്.

വിദ്യാർത്ഥികൾക്ക് സഹായധനം

*ക്ക൩. (ക്ക ക) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വടക്കൻ പറവൂർ ഇംഗ്ലീഷ് ഹൈസ്കൂളിലും വിദ്യാവിലാസിനി സ്കൂളിലും പഠിക്കുന്ന അധഃകൃത സമുദായവിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഇക്കൊ

LIBRARY ARCHIVES Kerala Legislative Assembly